LIBRARY ARCHIVES Kerala Legislative Assembly

സി.ആർ.പി.സി. 174-ാം വകുപ്പനുസരിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. മരണപ്പെട്ട ഷൈനിക്ക് നാഷണൽ സ്പോർട്ട്സ് മീറ്റിൽ പങ്കെടുക്കാനർഹതയുണ്ടായിട്ടും ഷൈനി പഠിച്ചിരുന്ന പാങ്ങോട് കേന്ദ്രീയ വിദ്യാലയത്തിലെ അധികൃതർ ആയതിന് അനുവദിക്കാത്തതുകൊണ്ടുള്ള മനോവിഷമത്താലാണ് ആത്മഹത്യ ചെയ്തതെന്ന ആരോപണം ഉയർന്നു. എന്നാൽ നിരവധി പേരെ കണ്ട് ചോദിച്ച് നടത്തിയ അന്വേഷണത്തിൽ ആ ആരോപണത്തെപ്പറ്റിയുള്ള യാതൊരുവിധ സൂചനകളും ഇതുവരെ ലഭിച്ചിട്ടില്ല. മറിച്ച് ഷൈനി ആത്മഹത്യാക്കുറിപ്പൊന്നും എഴുതിയിരുന്നതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അന്വേഷണം തുടർന്ന് നടത്തിവരവെ 6-8-2005-ന് ഷൈനിയുടെ മാതാവ് 46 വയസുള്ള ജ്യോതി വീടിന് സമീപത്തുള്ള മരത്തിൽ കെട്ടിത്തൂങ്ങി മരിച്ചതായി കണ്ടു. ഇക്കാര്യത്തിൽ സി.ആർ.പി.സി 176-ാം വകുപ്പ് പ്രകാരം ക്രൈം 224/05 നമ്പരായി പൂജപ്പുര പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തു. അവരുടെ ആത്മഹത്യാ കുറിപ്പ് പോലീസ് കണ്ടെടുത്തിട്ടുണ്ട്. മകൾ ഷൈനി മരിച്ചതിലുള്ള മനോവിഷമംമൂലം ആത്മഹത്യ ചെയ്തതായാണ് കത്തിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. രണ്ടുപേരും ആത്മഹത്യ ചെയ്യാനിടയായ സാഹചര്യത്തെപ്പറ്റി പോലീസ് നടത്തിവരുന്ന അന്വേഷണം കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

(2) അസംഘടിത മേഖലയിലെ ചുമട്ടുതൊഴിലാളികൾക്ക് ക്ഷേമനിധി

ശ്രീ. മത്തായി ചാക്കോ: കേരളത്തിലെ മൂന്നര ലക്ഷത്തോളം വരുന്ന ചുമട്ടുതൊഴിലാളികളിൽ ഏതാണ്ട് എഴുപത് ശതമാനത്തിലധികം scattered വിഭാഗം തൊഴിലാളികളാണ്. നിലവിൽ നടപ്പാക്കിയിട്ടുള്ള ക്ഷേമപദ്ധതികളൊന്നും scattered വിഭാഗം തൊഴിലാളികളുടെ പരിധിയിൽ വരുന്നില്ല. അതുകൊണ്ട് അവരെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. ഉടമകളുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കാനാവശ്യമായ നടപടി വേണം. അതുപോലെതന്നെ 26 (എ) പ്രകാരമുള്ള കാർഡുകൾ നൽകുന്നതിലുള്ള വീഴ്ചകൾ പരിഹരിക്കാൻ കഴിയണം. റൂൾ ഭേദഗതി അടിയന്തിരമാക്കാനുള്ള നടപടി സ്വീകരിക്കണം. ചുമട്ടു തൊഴിലാളി സമരത്തോടനുബന്ധിച്ച് ട്രേഡ് യൂണിയൻ നേതാക്കന്മാരുമായി ഉണ്ടാക്കിയിട്ടുള്ള കരാറിലെ വ്യവസ്ഥകൾ ഇതുവരെ നടപ്പിലാക്കിയിട്ടില്ല. അത് നടപ്പിലാക്കണം. കേരളത്തിലെ ചുമട്ടുതൊഴിലാളികളുടെ ശത്രുവായിട്ട് അങ്ങ് മാറിയിട്ടുണ്ട്. അതിന്റെ പാപപരിഹാരത്തിനുള്ള വഴിയാണ് ഞാൻ നിർദ്ദേശിക്കുന്നത്.

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ)*: രാവിലെയുള്ള ചോദ്യത്തിന് ഉത്തരമായി ഇതെല്ലാം പറഞ്ഞതാണ്. Scattered വിഭാഗം തൊഴിലാളികളുടെ ക്ഷേമപദ്ധതി കുറച്ചുകൂടി കാര്യക്ഷമമാക്കേണ്ടതുണ്ട്. വരുമാനവും ചെലവും തമ്മിലുള്ള അന്തരമാണ് ഇതിന് തടസ്സമായി നിൽക്കുന്നത്. അത് എങ്ങനെ മെച്ചപ്പെടുത്തി കൂടുതൽ തൊഴിലുടമകളെ രജിസ്റ്റർ ചെയ്ത് ക്ഷേമപദ്ധതിയുടെ മൊത്തത്തിലുള്ള പണം പൂൾ ചെയ്ത് എങ്ങനെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട സൗകര്യം ലഭ്യമാക്കാൻ കഴിയുമെന്നത് വളരെ ഗൗരവമായി തന്നെ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ബോർഡുമായിട്ട് ആലോചിച്ച് നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(3) പുതിയാപ്പയിൽ കപ്പലിൽ ഇടിച്ച് മുങ്ങിയ മത്സ്യബന്ധന ബോട്ടിലെ തൊഴിലാളികൾക്ക് നഷ്ടപരിഹാരം

ശ്രീ. എ. സി. ഷണ്മുഖദാസ്: സർ, മിനിഞ്ഞാന്ന് കോഴിക്കോട് ജില്ലയിലെ പുതിയാപ്പയിൽ നിന്ന് ഫിഷിംഗിന് പോയ ബോട്ട് ഉൾക്കടലിൽ വച്ച് കപ്പലുമായി കൂട്ടിയിടിച്ച് ബോട്ട് മുഴുവൻ കടലിൽ താണു. ഭാഗ്യത്തിന് അതുവഴി വന്ന മറ്റൊരു ഫിഷിംഗ് ബോട്ടിൽ അവർ രക്ഷപ്പെട്ടു. ഇത്തരം അപകടമുണ്ടായാൽ ഫിഷറീസ് ഡിപ്പാർട്ടുമെന്റിലും അതുപോലെ പോർട്ട് ഡിപ്പാർട്ടുമെന്റിലും rescue സംവിധാനങ്ങളുടെ അപര്യാപ്തതയുണ്ട്. ബോട്ടുകൾ ഇൻഷ്വർ ചെയ്തിട്ടില്ല. അവർക്ക് പണവും കിട്ടില്ല. പാവപ്പെട്ട തൊഴിലാളികളാണ്. കപ്പൽ ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. കണ്ടെത്തിയിരുന്നുവെങ്കിൽ കപ്പലിൽ നിന്ന് നഷ്ടം നികത്താമായിരുന്നു. അതുകൊണ്ട് തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)*: 10-2-2005-ന് വെളുപ്പിന് രണ്ട് മണിക്ക് കോഴിക്കോട് ജില്ലയിലെ പുതിയാപ്പയിൽ നിന്ന് മത്സ്യബന്ധനത്തിനുപോയ ബോട്ട് വെളുപ്പിന് 4.30-ന് പുതിയാപ്പ പടിഞ്ഞാറ് 22 മാറകലെ കപ്പലിൽ ഇടിച്ചതായി 10.10-ന് ബേപ്പൂർ ഫിഷറീസ് സ്റ്റേഷനിൽ വിവരം ലഭിച്ചു. ഉടൻ തന്നെ ഫിഷറീസ് വകുപ്പിന്റെ .....

മി. സ്പീക്കർ: ആ സംഭവം വിശദീകരിക്കണ്ട.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കപ്പലിൽ ലൈറ്റുണ്ടായിരുന്നില്ല. മംഗലാപുരം പോർട്ടിന്റെ ടഗ്ഗ് ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly